**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1154** **04.02.2019-ൽ മറുപടിക്ക്**

**ഓർക്കുളം-തൈക്കടപ്പുറം പാലത്തിന്റെ നിർമ്മാണം**

**ചോദ്യം**
**ശ്രീ.എം. രാജഗോപാലൻ**

തൃക്കരിപ്പൂർ മണ്ഡലത്തിലെ ഓർക്കുളം-തൈക്കടപ്പുറം റോഡുപാലത്തിന് 2018-19 ലെ ബജറ്റിൽ ആവശ്യമായ തുക ഭരണാനുമതിക്കായി വകയിരുത്തിയിട്ടും ഡി.പി.ആർ. തയ്യാറാക്കാൻ വൈകുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ; ഈ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

ഓർക്കുളം തൈക്കടപ്പുറം റോഡ് പാലം എന്ന പ്രവൃത്തിക്ക് ബജറ്റ് 2017 -18 ൽ മറുപടി പ്രസംഗത്തിൽ 20% ബജറ്റ് പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നു. 20 കോടി രൂപയായിരുന്നു ഇത്. പാലത്തിന്റെ ഭരണാനുമതിയ്ക്കായി വിശദമായ പദ്ധതി രൂപരേഖയ്ക്കുവേണ്ടി ഡിസൈൻ തയ്യാറാക്കേണ്ടിയിരുന്നു. ഇതിനായി ഇൻവെസ്റ്റിഗേഷന് വേണ്ടി (പ്രൈസ് ഐ.ഡി 2017/3127) തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് തിരുത്തലുകൾക്കായി തിരിച്ച് നൽകുകയും തുടർന്ന് തിരുത്തലുകൾ വരുത്തിയ എസ്റ്റിമേറ്റ് 31/01/2019 ന് തിരികെ ലഭ്യമാക്കിയിട്ടുമുണ്ട്. ഇൻവെസ്റ്റിഗേഷനും, ഡിസൈനും പൂർത്തീകരിച്ചാൽ പാലം പണിയുടെ ഭരണാനുമതിയ്ക്കായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ കഴിയും. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

S. Bindu
സെക്ഷൻ ഓഫീസർ